പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1913 26-10-2026-ൽ മറുപടിയ്ക്ക്

ക്ഷേത്രങ്ങൾക്ക് ഘടനാ മൂല്യനിർണയവും നഷ്ടപരിഹാരവും അനുവദിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ജി. ആർ. അനിൽ	ശ്രീ. എ. പി. അനിൽ കുമാർ (റവന്യൂ വകുപ്പ് മന്ത്രി)

(എ) വഴയില-പഴകുറ്റി റോഡ് റീച്ച് 1-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബാധിക്കപ്പെടുന്ന നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏണിക്കര തെക്കേടം ശിവ-വിഷ്ണു ക്ഷേത്രം, ഏണിക്കര വടക്കേടം ശിവക്ഷേത്രം എന്നിവയുടെ സൂക്ചറൽ വാല്യുവേഷൻ നടത്തി നഷ്ടപരിഹാരം അനുവദിക്കുന്നതിന് പ്രത്യേക സർക്കാർ തീരുമാനം ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് Rev-B3/268/2025 (Computer No. 3255037) നമ്പർ ഫയൽ മുഖേന ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

മറുപടി: വഴയില-പഴകുറ്റി റീച്ച് 1 പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് നെടുമങ്ങാട് താലൂക്കിൽ കരകുളം വില്ലേജിൽ ബ്ലോക്ക് 34-ൽ സർവ്വെ നമ്പർ 519/5pt (എൽ.എ സബ് ഡിവിഷൻ നമ്പർ 22)ൽപ്പെട്ട വടക്കേടം ശിവക്ഷേത്രം വക ഭൂമിയിൽ നിന്നും 0.44 ആർ വസ്തുവും, കരകുളം വില്ലേജിൽ ബ്ലോക്ക് 34-ൽ സർവ്വെ നമ്പർ 595/8pt (എൽ.എ സബ് ഡിവിഷൻ നമ്പർ 24) ൽപ്പെട്ട തെക്കേടം ശിവ വിഷ്ണു ക്ഷേത്രം വക ഭൂമിയിൽ നിന്നും 3.11 ആർ വസ്തുവും പൊന്നും വില നടപടി പ്രകാരം ഏറ്റെടുക്കുന്നുണ്ട്. പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ "പുറമ്പോക്ക്" ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ക്ഷേത്രങ്ങളുടെ ചമയങ്ങൾക്ക് വില അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശിപാർശ REV-B3/268/2025-REV എന്ന ഫയലിൽ പരിശോധിച്ച് അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് അയയ്ക്കുകയുണ്ടായി. പ്രസ്തുത ഫയൽ അഭിപ്രായം സഹിതം റവന്യൂ വകുപ്പിൽ തിരികെ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലും, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ എവിടെയാണ് ഉള്ളതെന്നും എത്ര നാളായി അവിടെ തീരുമാനമാകാതെ തുടരുന്നുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടി ഫയൽ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുന്നതിനാൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ക്ഷേത്രങ്ങൾക്ക് അർഹമായ നഷ്ടപരിഹാരത്തുക ലഭ്യമാക്കി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനും റോഡ് നിർമ്മാണം വേഗത്തിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ